(ബി) പ്രസ്തുത തസ്തികകളിൽ 1996-നു ശേഷം എത്ര അങ്കണവാടിക്കാരെ നിയമിച്ചിട്ടുണ്ടെന്നും ആയതിന്റെ വ്യവസ്ഥകൾ എന്തെന്നും വ്യക്തമാക്കുമോ ;

(സി) പി. എസ്. സി. വഴിയുള്ള നിയമനങ്ങളിൽ അങ്കണവാടിക്കാർക്ക് മൊത്തം ഒഴിവുള്ള തസ്തികകളിൽ എത്ര ശതമാനം ഇപ്പോൾ നീക്കിവച്ചിട്ടുണ്ടെന്നും ആയത് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോൺട്രാക്ട് അടിസ്ഥാനത്തിൽ പത്ത് വർഷത്തെ സേവനം പൂർത്തിയാക്കിയ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെയാണ് സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) നിലവിൽ 29% തസ്തികകൾ നീക്കിവച്ചിട്ടുണ്ട്. ആയത് ഉയർത്തുന്നതിന് തൽക്കാലം സർക്കാർ ഉദ്ദേശിക്കുന്നില്ല.

പാലക്കാട് നിയോജകമണ്ഡലത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുന്ന സർക്കാരിതര സാമൂഹ്യ സാംസ്കാരിക സംഘടനകൾ

93 (1821) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുന്ന സാംസ്കാരിക സംഘടനകൾ ഏതൊക്കെയാണ് എന്നറിയിക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം സംഘടനകൾക്ക് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട് എന്നും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുന്ന സാംസ്കാരിക സംഘടനകളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

1) പ്രത്യാശാകേന്ദ്രം, കൊപ്പം, പാലക്കാട്.

2) വിഷൻ ഇന്ത്യാ ചാരിറ്റബിൾ ട്രസ്റ്റ്, മാങ്കാവ്, പാലക്കാട്.

3) ഹോപ്പ് ഫൗണ്ടേഷൻ, കൽമണ്ഡപം, പാലക്കാട്.

4) പ്യൂമൻ സർവീസ് സൊസൈറ്റി, ചന്ദ്രനഗർ, പാലക്കാട്.

5) ചുറകുകൾ, ആശ്രയകേന്ദ്രം, കരിങ്കുറപ്പുള്ളി, പി.ഒ., പാലക്കാട്.

6) സമഗ്ര, കൽമണ്ഡപം, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1) വിഷൻ ഇന്ത്യാ ചാരിറ്റബിൾ ട്രസ്റ്റ് : വാട്ടർഷെഡ് പ്രോജക്ടിന് 2010-11-ൽ 1 ലക്ഷം രൂപയും RNTCP അവയർനെസ്സ് പ്രോഗ്രാമിന് 2010-11-ൽ 36,000 രൂപയും ലഭിച്ചിട്ടുണ്ട്.

2) ഹോപ്പ് ഫൗണ്ടേഷൻ പ്രോജക്ട് : ഇംപ്ലിമെന്റേഷൻ ഫോർ കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക്വേണ്ടി 2008-ൽ 14,10,292 രൂപയും 2009-ൽ 11,83,627 രൂപയും ലഭിച്ചു. NRHM ഫണ്ട് ആയി 2009-ൽ 4,50,000 രൂപയും കൂടാതെ NABAD ഫണ്ടായി 25,00,000 രൂപയും 2009-ൽ ലഭിച്ചിട്ടുണ്ട്.

3) സമഗ്ര : പാലക്കാട് ചൈൽഡ് ലൈൻ-ന്റെ പ്രവർത്തനം എൻ.ജി.ഒ. മുഖാന്തിരമാണ് നടന്നുവരുന്നത്. ഇതിലേക്കായി 2008-09 വർഷം മുതൽ നാളിതുവരെ കേന്ദ്ര സർക്കാർ ഫണ്ട് ലഭിച്ചുവരുന്നു.

വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ നിയമനം

94 (1822) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യക്ഷേമ വകുപ്പിൽ പി.എസ്.സി. മുഖേന എത്ര വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) പി.എസ്.സി. മുഖേനയല്ലാതെ ആരെയെങ്കിലും ഈ ഒഴിവിലേക്ക് നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിയമനങ്ങളുടെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. മുഖേന പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ ആരേയും നിയമിച്ചിട്ടില്ല.

(ബി) ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം/LLB യോഗ്യതയും സർക്കാർ സർവ്വീസിൽ തുല്യ ശമ്പള സ്കെയിലിൽ ഉള്ളവരും അഥവാ ക്ലാസ് 3 തസ്തികയിൽ 2 വർഷം സേവന പരിചയമുള്ള വനിതകളിൽനിന്നും By Transfer മുഖേന അപേക്ഷ ക്ഷണിച്ച് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവനടത്തി ലിസ്റ്റ് തയ്യാറാക്കി 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നിയമന ഉത്തരവ് അയക്കുകയുണ്ടായി. എന്നാൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിൽ വന്നതിനാൽ 3 പേർക്ക് മാത്രമേ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരായി ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയം

95 (1823) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയപരിശോധനയ്ക്കായി സുപ്രീംകോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത് ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly